# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 670

11.07.14 ൽ - മറുപടിക്ക്

## പുതിയ റേഷൻകടകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>,, കെ. ശിവദാസൻ നായർ<br>,, പാലോട് രവി<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻകടകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്ത് നിലവിൽ 14317 റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>മേൽപറഞ്ഞവയിൽ 10676 എണ്ണം ജനറൽ വിഭാഗത്തിലും 2927 എണ്ണം വനിതാ വിഭാഗത്തിലും 247 എണ്ണം പട്ടികജാതി വിഭാഗത്തിലും 48 എണ്ണം പട്ടിക വർഗ്ഗ വിഭാഗത്തിലും 62 എണ്ണം ഭിന്ന ശേഷിയുളളവരുടെ വിഭാഗത്തിലും 357 എണ്ണം സഹകരണ സൊസൈറ്റിയുടെ കീഴിലും പ്രവർത്തിച്ചുവരുന്നു.<br><br>ഹൈക്കോടതിയുടെ 14.07.2009 ലെ WA 1217/2009 വിധിന്യായം അനുസരിച്ച് 1966 ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരമുളള സംവരണ വിഭാഗമായ പട്ടികജാതി/പട്ടിക വർഗ്ഗം 10%, വനിതകൾ 20%, ഭിന്നശേഷിയുളളവർ 5% എന്നീ ക്രമത്തിൽ സംവരണ വിഭാഗങ്ങളുടെ ഒഴിവുകൾ നികത്തിയ ശേഷം മാത്രമാണ് ജനറൽ വിഭാഗത്തിൽ നിയമനം നടത്തി വരുന്നത്. അത്തരത്തിലാണ് നിയമനങ്ങൾ 2010 ന് ശേഷം നടത്തിയിട്ടുളളത്. പുതിയ റേഷൻ കടകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 03.03.14-ന് ഭക്ഷ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അനന്തരാവകാശ നിയമ പ്രകാരമുളള റേഷൻകടകൾ നൽകുന്നതിനും, ഏതെങ്കിലും കാരണവശാൽ അംഗീകാരം റദ്ദുചെയ്യപ്പെട്ട റേഷൻ കടകൾക്ക് പകരം നിയമനം നൽകുന്നതിനായി സർക്കാർ ഏജൻസിയായ സപ്ലൈകോയെ അറിയിക്കുകയും, സപ്ലൈകോയ്ക്ക് ഏറ്റെടുത്ത് നടത്തുവാൻ കഴിയുകയില്ല എന്ന സാഹചര്യത്തിൽ സംവരണ തത്വം പാലിച്ച് നിയമനം നടത്തുക എന്ന രീതിയിൽ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | പുതിയ റേഷൻകടകൾ തുടങ്ങുന്നതിനായി നിലവിൽ പ്രത്യേകം കേന്ദ്ര സഹായങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല. |
| (സി) | പദ്ധതി നടപ്പാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം:**

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1882 |
| കൊല്ലം | 1421 |
| പത്തനംതിട്ട | 832 |
| ആലപ്പുഴ | 1243 |
| ഇടുക്കി | 700 |
| കോട്ടയം | 990 |
| എറണാകുളം | 1341 |
| തൃശ്ശൂർ | 1203 |
| പാലക്കാട് | 931 |
| മലപ്പുറം | 1236 |
| കോഴിക്കോട് | 977 |
| വയനാട് | 314 |
| കണ്ണൂർ | 859 |
| കാസർഗോഡ് | 388 |